50/2

വെളിച്ചത്തിലേയ്ക്ക്

അക്ഷരകലാജാഥ '89 - ഏപ്രിൽ 15 മുതൽ 25 വരെ

എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതായജ്ഞം

തുടിപ്പാട്ട്

മുല്ലനേഴി

നേരമൊട്ടും വൈകിയില്ല
കൂട്ടകാരേ പോരു... കൂട്ടകാരേ പോരു
പേരെഴുതാം വായിക്കാം
ലോകവിവരം നേടാം, ലോകവിവരം നേടാം

മർത്ത്യരായ് നാം പിറന്ന
മണ്ണിതിന്റെ ഗന്ധം
വേർപ്പുനീരിൻ ഗന്ധമെന്നു
വേർതിരിച്ചറിയാം, വേർതിരിച്ചറിയാം
[നേരമൊട്ടും...

പണിയെടുത്തു പണിയെടുത്തു പാരുപത്തനാക്കി
പണിയെടുത്തു പണിയെടുത്തു എല്ലുവെള്ളമാക്കി
മെയ്യനങ്ങാ വേലചെയ്യോർ മേലെ മേലെയായി
മെയ്യുരുക്കി വേലചെയ്യോർ വയ്യവയ്യെന്നായി

എന്തുകൊണ്ടിത്... ? എന്തുകൊണ്ടിത്... ?
എന്നറിയില്ലെന്നോ... ?
സ്വന്തം മണ്ണിൻ വിലയറിയാൻ
നേരമായില്ലെന്നോ... ? നേരമായില്ലെന്നോ ...?
[നേരമൊട്ടും..

അക്ഷരങ്ങൾ മൂർച്ചയുള്ളൊരായുധമാകുമ്പോൾ
പുസ്തകങ്ങൾ നമ്മളുടെ കൂട്ടകാരാകുമ്പോൾ
സംഘബോധം നമ്മളെ നയിക്കുവാനെത്തുമ്പോൾ
സംഗതികളൊക്കെ നമ്മുടെ ഇംഗിതം പോലാകും
ഇംഗിതം പോലാകും
[നേരമൊട്ടും...

ചോദ്യക്കളി

മുല്ലനേഴി

കാടായ കാടൊക്കെയാരാരോ വെട്ടീട്ടും
കാട്ടുകുടിയുള്ളിൽ കാട്ടുകുടി
നാട്യങ്ങളില്ലാതെ നാട്ടിൽ ജീവിച്ചിട്ടും
നട്ടെല്ലൊടിയണതെന്തുകൊണ്ട്... ?
എന്തുകൊണ്ട്... ? എന്തുകൊണ്ട്
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്–2

എല്ലുമുറിയെ പണിതിട്ടും പണിതിട്ടും
പല്ലുമുറിയാത്തതെന്തുകൊണ്ട്... ?
കയ്യിന്നുബലമുണ്ട് കണ്ണിന്നുതെളിവുണ്ട്
കൈകൊണ്ടെഴുതാത്തതെന്തുകൊണ്ട്... ?

എന്തുകൊണ്ട്... ? എന്തുകൊണ്ട്... ?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്... ?

ആപ്പീസിൽ ചെന്നൊരപേക്ഷ കൊടുക്കുവാൻ
അന്യരെ തേടുന്നതെന്തുകൊണ്ട്... ?
അകലെനിന്നെത്തുന്ന കത്തുവായിക്കുവാൻ
ആരാനെ തേടുന്നതെന്തുകൊണ്ട്... ?

എന്തുകൊണ്ട്... ? എന്തുകൊണ്ട്... ?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്... ?

അക്ഷരം കൈയിലില്ലാത്തതുകൊണ്ടല്ലേ
ആ സ്ഥിതി നമ്മൾക്കു മാററിക്കൂടേ
ഇത്തിരിനേരം മെനക്കെടാം നമ്മൾക്കീ
അക്ഷരച്ചൂട്ടിനു തീ കൊളുത്താം
അക്ഷരച്ചൂട്ടിൻ വെളിച്ചത്തിൽ
നമ്മൾക്കൊരത്ഭുതലോകം തുറന്നുകിട്ടും.

ആരോഗ്യപാട്ട്

വെള്ളില വാസു

തിന്നാതെ മനുഷ്യന്ന് ജീവിക്കാൻ കഴിയ്യല്ലല്ലോ
തിന്നാലോ വയററീന്ന് പോകാതെ കഴിയ്യല്ലല്ലോ
ഗുണദോഷം നോക്കാതെ പരക്കെ നാം പോകുന്നല്ലോ.
ഗുലുമാലാണതുവേണ്ട പരിഹാരം നോക്കാമല്ലോ

[തിന്നാതെ...

പകരും മാരക രോഗാണുക്കൾ പെരുകീടുന്നു വിസർജ്ജ്യത്തിൽ
പലരും ഇക്കഥയറിയുന്നീല്ല – ചാടീടുന്നു കുഴപ്പത്തിൽ
മഞ്ഞപ്പിത്തം മഞ്ഞള കൂട്ടീട്ടുണ്ടാകുന്നതല്ലല്ലോ
മയ്യത്താകാൻ നേരത്തീക്കഥ ചിന്തിച്ചാൽ ഫലമില്ലല്ലോ
ടൈഫോയ്ഡ് കോളറ ഛർദ്ദി
അതിസാരം പിള്ളവാതം
കൊക്കപ്പുഴ പാമ്പൻ പല പല
വിരകൾ ഇവകൾ പെരുകും വേഗം
കക്കൂസുണ്ടാക്കാൻ നോക്ക
തന്താ താനാ താനാ തന്ത

[തിന്നാതെ...

ഈച്ച പെരുത്താൽ ഈവക രോഗം
വേഗം പകരും സൂക്ഷിച്ചോ
ഈച്ചകൾ പെരുകും അഴക്കിൽ അതിനാൽ
പരിസരം വൃത്തി വരുത്തിക്കോ.
കൊതുകുണ്ടാകും വീടിനടുത്ത്
വെള്ളം കെട്ടി നിറുത്തേണ്ട.
കൊതുകാണല്ലോ മന്ത് മലമ്പനി
പകരാൻ ഹേതു മറക്കണ്ട
വിധിപോലെ വരുമെന്ന, വിവരക്കേടും പറഞ്ഞ്
പല്ലും തേക്കുലാ നാവ്, തീരെ വടിക്കുലാ
കൈകാൽ നഖം പോലും മുറിക്കുലാ

[തിന്നാതെ...

ശ്രദ്ധിക്കാതെ നടന്നിട്ടല്ലേ
രോഗം പലതും പകരുന്നു.
വൃത്തിയിൽ നിത്യം ജീവിച്ചാലോ
തനിയേ സൗഖ്യം വളരുന്നു
നമ്മളു ചെയ്യും ദോഷം നമ്മുടെ
അയൽ പക്കത്തേക്കെത്തുന്നു.
നന്മ വിതച്ചാൽ വിളയും നന്മ
ശാസ്ത്രം നേർവഴി കാട്ടുന്നു.
ദിവസേന ചീക്കും തേടി
കുഴലും വയ്പിച്ച സൂചി
കുത്തി കയററി, കടം വാങ്ങി
മെഡിക്കൽ ഷോപ്പിൽ
ടോണിക്കിന്നു് ക്യൂ നിൽക്കേണ്ട
തന്താ താനാ താനാ തന്താ

[തിന്നാതെ...

വെളിച്ചമെ നയിച്ചാലും

മുല്ലനേഴി

അക്ഷര മാലയിലുണരുകയാണോ-
രത്ഭുത ലോകം
അണയുന്തോറുമകന്നേ പോകുമൊ-
രറിവിൻ ലോകം

അറിവിൻ വെളിച്ചമേ
പൊരുളിൻ തെളിച്ചമേ
അലിവിൻ മഹത്വമേ
ആശ്രയം നീ...

പാരായ പാരിൽ സുഗന്ധം പരത്തുന്ന
പാരിജാതം നീ...
നേരിന്റെ പാത തെളിയിക്കാൻ
ജ്വലിക്കും നെയ് വിളക്കും നീ...

മാനവ ജീവിതം പച്ച ചൂടിക്കുവാൻ
താമര പ്പൂവിൽ പിറന്നു നീ
ആത്മപ്രകാശം പരത്തുവാൻ വിദ്യതൻ
ആരാധനാമൂർത്തിയായി നീ...

തിരുനടയിൽ... നിൻ സന്നിധിയിൽ
കരളറയിൽ... പൊൻ പ്രഭ ചൊരിയാൻ
തൊഴുകൈയ്യുമായ് വന്നു നില്ക്കുമീ ഞങ്ങളിൽ
ഒഴുകേണമേ നിൻ കാരുണ്യം
ഒഴുകേണമേ നിൻ കാരുണ്യം
ഒഴുകേണമേ നിൻ കാരുണ്യം
വെളിച്ചമേ നയിച്ചാലും
വെളിച്ചമേ നയിച്ചാലും

പരിചമുട്ട്

പി. കെ. തങ്കപ്പൻപിള്ള

ഇരുപത്തൊന്നാം നൂററാണ്ടായിട്ടും
ഈ നമ്മളുമാത്രം
ഇരുളിൽ തപ്പി കഴിയുകയാണല്ലോ
തെയ്യ്താരക തെയ്യ് തെയ്യ്

പദ്ധതി പലതും വന്നു കടന്നല്ലോ
എന്നിട്ടും നമ്മൾ
അക്ഷരമറിയാത്തവരായ് പോയല്ലോ
തെയ്യ് താരക തെയ്യ് തെയ്യ്

ചുററും നിങ്ങൾ നോക്കുവിനീലോകം
മാററത്തിൻ പടവുകൾ
ഓർത്താൽ പ്രാകൃതരിന്നും നാമല്ലോ
തെയ്യ് താരക തെയ്യ് തെയ്യ്

മാളങ്ങളിൽ വാണവരുടെ തലമുറകൾ
ആണല്ലോ യഥേഷ്ടം
ഗോളങ്ങളിൽ സഞ്ചാരം ചെയ്യുന്നോർ
തെയ്യ് താരക തെയ്യ് തെയ്യ്

എന്നിട്ടിന്ത്യയിൽ നൂററിക്കെഴപതുപേർ
അക്ഷരമറിയാത്തവ
രെന്നു പറഞ്ഞാൽ നാണക്കേടല്ലോ
തെയ്യ് താരക തെയ്യ് തെയ്യ്

തോ തിന്തോ തിന്തിമി തിന്തോ
തെയ്യ തിമിന്താരോ– 2
അറിവില്ലാതലയും നമ്മെ
കൊത്തി വലിക്കാനായ്
കഴുകന്മാർ ചുററും ചിറകടി
യോടട പറക്കുന്നു

അറിയുവിനിന്നവശരെയഗതിക
ളടിമകളേ നിങ്ങൾ
അറിവാകുന്നായുധമേന്തുവിൻ
അഖിലരുമൊരുപോലെ

മനുഷ്യൻ

എം. എസ്. മോഹൻ

മനുഷ്യനെത്ര മനോജ്ഞപദം
മഹത്വമാർന്ന പദം
ഉദാത്തമാകും സംസ്ക്കാരത്തിൻ
കെടാത്ത കൈത്തിരികൈമാറി
അജയ്യനാമവൻ അനന്തമാമീ
പ്രപഞ്ച സീമകൾ തേടുന്നു
[മനുഷ്യനെത്ര

മരിച്ച മനസ്സിന്നുടമകളെ
ഉണരുക വേഗം നിങ്ങൾ
പുതിയ യുഗത്തിൻ കരങ്ങൾ നിങ്ങളെ
മാടി വിളിക്കുന്നു
മാടി വിളിക്കുന്നു
[മനുഷ്യനെത്ര

സമയ രഥങ്ങൾ കുതിക്കുന്നു
കാലം പറന്നു പോകുന്നു
കൈകോർത്തൊരുമയോ-
ടൊന്നായ് നീങ്ങുക
കലഹ പ്രിയരായ് മാറാതെ

പുതിയൊരു പുലരിയടുത്തെത്തി
മാനവ സൗഹൃദ സൗരഭ മുതിരും
പുതിയ പ്രഭാതമടുത്തെത്തി
ഉണരുക വേഗം നിങ്ങൾ
ഉണരുക വേഗം നിങ്ങൾ
ഉണരൂ... ഉണരൂ... ഉണരൂ...

കുറവർ കളി

പി. കെ. തങ്കപ്പൻപിള്ള

ഓരയ്യാ ഓരയ്യാരോ
ഓരയ്യാ ഓരയ്യാരോ

കണ്ടനും കൊമരനും നാനും എങ്ങടെ
മുണ്ടീം തേവീം ചക്കിക്കൊച്ചും.
ചാക്കോപ്പുള്ള പറഞ്ഞതുകേട്ട്
തെക്കൊരുതിക്കി കൊയ്ത്തിനുപോയേ
ഓരയ്യാ...
ഓരയ്യാ...

കൊയ്ത്തും മെതിയും വീശിയൊണക്കലു
കച്ചീം നെല്ലും ചുമ്മികേററലു
പാടമൊയിഞ്ഞേ കൊയ്ത്തുകയിഞ്ഞേ
മേലാമ്മാരുടെയറനിറയിച്ചേ
ഓരയ്യാ...
ഓരയ്യാ...

പതവും തീർപ്പും ചാക്കോപ്പുള്ള
എട്ടനെലനിന്നതു വാങ്ങിയെടുത്തേ
എങ്ങക്കൊട്ടുകണക്കറിയില്ലേ
അങ്ങേരാകെ പററിച്ചയ്യോ.
ഓരയ്യാ...
ഓരയ്യാരോ

അക്കഥ ചേന്നാ നീപറയുമ്പം
എക്കും പററിയ പത്തംകേട്ടോ
തോട്ടത്തിപ്പണിചെയ്യാനായി
ചേക്കപ്പെന്നൊരു പുള്ള വിളിച്ചേ.
ഓരയ്യാ...
ഓരയ്യാ......

ഇരുപതു രൂപാ തെവിസക്കൂലി-
ക്കൊരുമാസം, നാൻ വേലയെടുത്തേ
പണിതീർന്നൊന്നായ് കൂലിംതന്നേ
പണമെണ്ണാനെക്കറിയത്തില്ലേ
ഓരയ്യാ...
ഓരയ്യാ...

പഠിക്കിണകൊച്ചൻ കാശെണ്ണ്യപ്പം
കളിപ്പീരററിയിണേ മൂന്നൂറൊള്ളേ
ബാക്കി കാശിനു നാൻ ചെന്നപ്പം
ചേക്കപ്പുള്ളയെടുത്തിട്ടു തല്ലേ്യ...
ഓരയ്യാ...
ഓരയ്യാ...

അറിവില്ലാത്തൊരു നമ്മെയിഞ്ഞനെ
പല പല കൂട്ടരുപററിക്കുന്നേ
അതിനൊരു മാററത്തിനുനാമൊന്നിച്ചി
ട്ടുണരണമറിയണമക്ഷരവിദ്യ.

———

ബലി

പി. കെ. തങ്കപ്പൻപിളള

(കാണികളുടെ ഇടയിൽ നിന്നും മൂപ്പൻ എഴുന്നേററ്)

അമ്മേ......

ഭഗവതീ...

കാളീ, കാത്തു രക്ഷിക്കണേ.

ഈ... ഊരിനേം ഊരാളികളേം

കാത്തു രക്ഷിക്കണേ...

(സംഘം ഏററു പറയുന്നു)
(പാടി രംഗത്തേയ്ക്കു വരുന്നു)

കെയക്കും മലയ്ക്കുള്ള...തേവമ്മാരേ ചത്ത്...
തലയ്ക്കും മേനിയ്ക്കും.....ചാവുമ്മാരേ...
ഒരുക്കി വെയ്ക്കുണതുണ്ട് തുകിച്ചെൻെറ തെവ്വേ...
മൊയിക്ക് മേമൊയി വന്നു പറഞ്ഞു തരണേ...
ഊരാളിയച്ചനൊന്നെയുന്നള്ളി വരണേ...
ചാരായക്കുപ്പിയെങ്കള വച്ചുതൊയുന്നേ...
കോയിനേക്കൊന്നു ചോരകുടിക്കണ മൂപ്പൻ
തോയം തീർത്തെങ്കട കാര്യം നടത്തി തരണേ...
കാളിയും കൂളിയും യക്ഷിയും ഗന്ധർവ്വ തങ്കോം
മാടനും പേമറുതാമല മുന്നോടിയച്ചൻ–
കൂടണെയെങ്ങട തങ്കടം തീർക്കുവാനെന്നും
കാണണേയെങ്കൾ വിളിക്കും വിളിപ്പുറത്തെല്ലാം
താനിനോം, താനിനം, താനിനം, താനിനം താരോ
താനിനോം, താനിനം, താനിനം, താനിനം താരോ

(വെളിച്ചപ്പാട് ഉറഞ്ഞു തുള്ളുന്നു)

വെളിച്ചപ്പാട് : ഓം... ഉണ്ണികളേ... നിങ്ങൾക്ക് എന്തെങ്കിലും തങ്കടം ഉണർത്തിക്കാനുണ്ടോ ?

സംഘം : ഉണ്ടേ...

വെളിച്ചപ്പാട് : ഉം... പറഞ്ഞോ

മൂപ്പൻ : ഈ ഊരിലുള്ളതീററിങ്ങരം ഇങ്ങനെ തുറേറം ഛർദ്ദി യുമായി ചത്താപ്പിന്നെ ആരാ ഈ ഉരാളിയച്ഛനെ പൂജി ക്കുന്നേ...

വെളിച്ചപ്പാട്‌ : ഉണ്ണികളേ ഞാൻ പറഞ്ഞില്ലേ... ശുക്രൻ കേതുവിനോട്ട്‌ ചേർന്നു നിൽക്കുന്നതുകൊണ്ട്‌ നാലാ മിടത്തിനും ഏഴാമിടത്തിനും അടിക്കടി ആപത്ത്‌... മനസ്സിലായോ...

സംഘം : ഇല്ലേ...

വെളിച്ചപ്പാട്‌ : മനസ്സിലാവില്ല (മദ്യം കഴിക്കുന്നു) അതായ തു്‌ നാടിനും നാട്ടാർക്കും അനർത്ഥം.

മൂപ്പൻ : അതിന്‌ എങ്ങളുയെന്തു ചെയ്യണം തെവ്വേ...

(ബലിപീഠത്തിൽ എത്തി വെളിപാടായിക്കൊണ്ട്‌)

വെളിച്ചപ്പാട്‌ : ഉം... പ്രതിവിധിയുണ്ട്‌... 21 ദിവസം തുട ർച്ചയായി പൂജ നടത്തണം...

സംഘം : എങ്ങള് യെന്തുവേണേലും ചെയ്യാവേ...

വെളിച്ചപ്പാട്‌ : പിന്നെയൊരു കാര്യമുണ്ട്‌ – ഈ ആശുപ ത്രിക്കാരുടെ തുശീം, വെള്ളോം നമുക്കു വേണ്ട... നി ങ്ങരംക്കു ഞാനുണ്ട്‌....

(ബലിപീഠത്തിൽ വീണ്ടും എത്തി വെളിപാടായിക്കൊണ്ട്‌)

വെളിച്ചപ്പാട്‌ : പോരാ...

നരബലി വേണം...

(സംഘം ആലോചിക്കുന്നു, ഒരാളെ നരബലി കൊടുക്കുവാൻ സംഘം പിടിച്ച്‌ ബലിപീഠത്തിൽ എത്തിക്കുന്നു. വെളിച്ച പ്പാട്‌ ബലിപീഠത്തിനു ചുററും വെളിപാടായിക്കൊണ്ട്‌)

വെളിച്ചപ്പാട്‌ : കം...കഹാ...

കിം...കിഹി...

കും... (കും എന്നു പറയുമ്പോരം മാഷ്‌ കടന്നു വരുന്നു)

മാഷ്‌ : നിർത്തടൊ... (സംഘവും വെളിച്ചപ്പാടും അന്ധിച്ച നിൽ ക്കുന്നു. ബലി കൊടുക്കാനിരുന്ന ആളെ മോചിപ്പിക്കുന്നു)

സംഘം : മാഷ്‌... മാഷ്‌...

മാഷ് : നരബലികൊണ്ടു് ഈ ഊരിലെ കോളറ മാററാൻ കഴിയുമോ... എങ്കിൽ തന്നെയാണ് ആദ്യം ബലി കൊടുക്കേണ്ടതു് (വെളിച്ചപ്പാടിനെ കയററി പിടിക്കുന്നു)

എടാ... 21 ദിവസത്തെ പൂജകൊണ്ടു് ഈ ഊരിലെ കോളറ മാററാൻ കഴിയുമോ... കഴിയുമോ...

വെളിച്ചപ്പാടു് : ഇല്ല... ഇല്ല....

മാഷ് : എങ്കിൽ ഇവരോടു് പറയൂ... അക്ഷരം അറിയില്ലാത്ത ഈ പട്ടിണി പാവങ്ങളോടു പറയൂ ...

വെളിച്ചപ്പാടു് : ഇല്ല... ഇല്ല... ഇല്ല....

മാഷ് : അറിവില്ലാത്ത ഇവരെപ്പോലുള്ളവരെ അന്ധ വിശ്വാസത്തിൻെറ മാറാലയിൽ ആഴ്ത്തി ചൂഷണം ചെയ്യുന്ന നീയും നിന്നെപ്പോലുള്ളവരുമാണ് ഈ നാടിനാപത്തു്...

വെളിച്ചപ്പാടു് : മാഷേ... വയററിപ്പിഴപ്പിനുവേണ്ടി...

മാഷ് : നിന്നെപ്പോലുള്ളവരുടെ വയററിപ്പിഴപ്പു കാരണം ഈ ലോകത്ത് ആയിരക്കണക്കിനു നിരക്ഷരരാണ് മരിച്ചു വീഴുന്നതു്...

വെളിച്ചപ്പാടു് : മാപ്പ് തരണം മാഷേ...

മാഷ് : മാപ്പ് ചോദിക്കേണ്ടതു് എന്നോടല്ല... ഇവരോടാണ്...

വെളിച്ചപ്പാടു് : മാപ്പ്... മാപ്പ്...

മാഷ് ... കൂട്ടരെ നമുക്ക് ഈ കുരുതിക്കളം ഇനിയൊരു അക്ഷരക്കളരിയാക്കിമാററാം. അറിവാണ്, അറിവാണ് അറിവാണീ ലോകത്തിന്നായുധം. അതിനായി നമ്മൾക്ക് പടയണി ചേർന്നിടാം.

സംഘം : പടയണി ചേർന്നിടാം

(മാഷും, സംഘവും പാടി നൃത്തം വച്ച് കാണികൾക്കിടയിലേക്കു പോകുന്നു.)

അറിവിന്നുറവിടം ഉലകിൽ അക്ഷരം

അറിയാത്തവരുണരട്ടെ പഠിക്കാൻ

ദീപം

പൂയപ്പിള്ളി തങ്കപ്പൻ **പീതാംബരൻ**

(സംഘം പാടി രംഗത്ത് പ്രവേശിക്കുന്നു)

അക്ഷരജ്ഞാനം അറിവല്ല — അറിവിന്റെ
രക്ഷാകവാടമാണെന്നുള്ളതോർക്കുക
ഇക്കവാടത്തിനകംപൂകുവാനെത്തി നിൽക്കും
സഹജരെ നിങ്ങൾക്കു സ്വാഗതം......

(രംഗത്ത് പൂന്തോട്ടം...... മുതലാളിയും, തൊഴിലാളിയും)

മുതലാളി: എടാ കോരാ നാളെ പുലർച്ചയ്ക്ക് ഇങ്ങ്‌വേലയ്ക്ക് എത്തണൊട്ടോ...... പോരുമ്പോ - പെണ്ണിനേം പിള്ളാരേയും കൂട്ടിക്കോ

കോരൻ: മുതലാളി ... പിള്ളാര് ... സ്കൂളില്

മുതലാളി: ഫ...... എരപ്പേ ... നിന്റെയൊക്കെ മക്കൾക്ക് എന്തിനാടാ സ്കൂള് – പഠിച്ച് മജിസ്ട്രേട്ടാകാനാ... എടാ അക്ഷരം പഠിച്ചാൽ വയറുനിറയോ...... പിള്ളാര് പണി പഠിക്കട്ടെടാ ......നീയൊക്കെ വയസ്സാവുമ്പോൾ അവര് വേണ്ടടാ നിങ്ങൾക്കു ഭക്ഷണം തരാൻ

കോരൻ: ഓ ...

മുതലാളി: പിന്നെ പിള്ളാർക്കു കൂലിയില്ല. ഭക്ഷണം കൊടുക്കാം ... അവറ്റ പണി പഠിക്കട്ടെടാ ......

— Still —

ജീവിതമാംദു:ഖ നീരാഴിയിൽ നീന്തി
നീന്തി തളർന്നവർ നമ്മൾ
എല്ലാം വിധിയിൽ സമർപ്പിച്ച ജീവിതം
തള്ളിക്കളഞ്ഞവർ നമ്മൾ (അക്ഷരജ്ഞാനം)

(രംഗത്ത് വീടിന്റെ പൂമുഖം - മുതലാളി നായയ്ക്ക് തീററകൊടുക്കുന്നു. കോരൻ കടന്നു വരുന്നു)

കോരൻ: മുതലാളി എനക്കു് ഒരു തങ്കടം ഉണത്തിക്കാനുണ്ടേ

മുതലാളി: എന്താടാ

കോരൻ: മോൾടെ കല്യാണാണ്

മുതലാളി: നിന്റെ മോളെ കെട്ടാനും ആളുണ്ടോടാ

കോരൻ: മുതലാളി ഒരു സഹായം ചെയ്യണം

മുതലാളി: എടാ ...... ഈ വയസ്സുകാലത്ത് ഞനെങ്ങനെ

കോരൻ: കുറച്ചുരൂപാ ...... തന്നു് ......

മുതലാളി: എന്തു വിശ്വസിച്ചാടാ നിനക്കൊക്കെ രൂപതരുന്നേ

കോരൻ : പണിയെടുത്തു വീട്ടിക്കോളാമേ ...

(മുതലാളി വീടിനകത്തേയ്ക്കു പോകുന്നു)

തിരിച്ചു വന്നു്

മുതലാളി : ദാ ... നീ ചോദിച്ച രൂപ ... ഈ പേപ്പറിൽ ഒന്നു് ഒപ്പിട്ടേയ്ക്കു്. പിന്നെ ഒരാണ്ടത്തെ പലിശ ഇങ്ങു് എടുത്തിട്ടുണ്ടു്. ആറുമാസത്തിനുള്ളിൽ ബാക്കി പലിശേം മുതലും ഇങ്ങു് തിരിച്ചേല്പിച്ചില്ലെങ്കിൽ നിന്റെ കൂരേം പുരയിടോം (പട്ടികുരയ്ക്കുന്നു) മനസ്സിലായോ

കോരൻ : ഉവ്വേ ...

— Still —

നമ്മൾക്കുമുണ്ടവകാശമീഭൂമിയിൽ
മററുള്ളവർക്കൊപ്പമെന്നകാര്യം
നമ്മൾ മറക്കുന്നറിവിന്ന ഭാവമാണി
ന്നതിൻ കാരണമോർത്തിടുവിൻ —

(അക്ഷരജ്ഞാനം)

(കവാടം തുറക്കുന്നു.
എസ്റ്റേററിലെ മാനേജരുടെ മുറി
തൊഴിലാളികൾ കൂലിവാങ്ങാൻ കൃ നില്ക്കുന്നു)

മാനജർ : മുത്തുസ്വാമി ... (മുത്തുസ്വാമി വരുന്നു) വാ ഒപ്പിടു്.

മുത്തുസ്വാമി : (ഒപ്പിടുന്നു) സാർ ഇന്നു് കുറച്ചുപൈസ തരണം കുട്ടികൾക്കു് ദീനമാ ...

മാനേജർ : പൈസയൊക്കെ തരാമെടാ ......നീയങ്ങു മാറി നില്ല്, 'ആണ്ടവൻ' വാ - ഒപ്പിടു്.

ആണ്ടവൻ : മൊതലാളി ... എനിക്കു് ഊരില് പോകണു്. വീടു്ക്കു് കത്തു് വന്തിരിക്ക്യേ ... കൊഞ്ചം പൈസ വേണം,

മാനേജർ : ഊരില് പിന്നെ പോകാം ... ഇപ്പോ മാറിനില്ക്കു് 'കോരൻ' (കോരൻ ഒപ്പിടാതെ നില്ക്കുന്നു)

മാനജർ : വാ ഒപ്പിടു്

കോരൻ : ഇല്ല മൊതലാളി. എനിക്കു് കുറച്ചുപൈസവേണം

മാനേജർ : പൈസതരാമെന്നു പറഞ്ഞില്ലേ

കോരൻ : ഇല്ല എനിക്കു് പൈസ തരാതെ ഞാൻ ഒപ്പിടില്ല.

(തൊഴിലാളികൾ ആകെ ബഹളംവെക്കുന്നു)

മാനേജർ : നിങ്ങൾ ഒരു കാര്യം ചെയ്യു. വൈകിട്ടു് എന്റെ ബംഗ്ലാവിലേക്കു് വരൂ ... അവിടെ പത്തെഴുപതു രൂപാ കാണും. അതു് എല്ലാവർക്കും വീതിച്ചു തന്നേക്കാം.

(തൊഴിലാളികൾ രോഷാകുലരാകുന്നു, ബഹളം, അതിനിടയിൽ ഒരാൾ പ്രവേശിക്കുന്നു.)

വന്നയാൾ: എന്താ ... എന്താണ് പ്രശ്നം.

തൊഴിലാളികൾ: സാറേ! ഞങ്ങൾ കുറെ നാളായി ഈ തോട്ടത്തിൽ വേലചെയ്യാൻ തുടങ്ങിയിട്ട്. ഇതുവരെ പൈസയൊന്നും തന്നിട്ടില്ല. ഇടക്ക് 10 രൂ. 20 രൂപയൊക്കെ തന്നിട്ട് പിന്നീട് കണക്കു പറയാം എന്നു പറയും. കണക്കൊന്നും പറഞ്ഞിട്ടില്ല. കാശും കിട്ടിയിട്ടില്ല -

വന്നയാൾ: ഇവർ പറയുന്നതു് നേരാണോ?

മാനേജർ: കള്ളം - പച്ചക്കള്ളം പണിയെടുത്തതിന് കൃത്യമായ കൂലികൊടുത്തിട്ടുണ്ട്. നുണപറയുന്നതല്ല. കണക്കുണ്ട് നോക്കു ... (രജിസ്റ്റർ എടുത്ത് വായിക്കുന്നു).
മുത്തുസ്വാമി പററ് — 50 രൂ.
ആണ്ടവൻ മരുന്നിന് — 36 രൂ. 15 പൈസ
കോരന് — വീട്ടിൽ പോകാൻ – 76 രൂ.15 പൈസ

വന്നയാൾ: മതി. മതി ഈ ബുക്കിൽ ഒപ്പിട്ടിരിക്കുന്നത്. നിങ്ങളാണോ?

തൊഴിലാളികൾ: അതു്. അതു്... ഒപ്പിടിപ്പിച്ചതാണ്. ഞങ്ങൾക്ക് ഒപ്പിടാനറിയില്ല.

വന്നയാൾ: അതുതന്നെയാണ് കുഴപ്പം. നിങ്ങളെപ്പോലെയുള്ള അക്ഷരമറിയാത്തവരെ ചൂഷണം ചെയ്യാണ് ഇവരെപ്പോലുള്ളവർ തടിച്ചുകൊഴുക്കുന്നതു്. അതുകൊണ്ട് ഇനിയെങ്കിലും നിങ്ങൾ അക്ഷരം പഠിക്കാൻ തയ്യാറാകു ..

കോറസ്സ്: മററുള്ളവർക്കൊപ്പമെത്താൻ അവകാശ
ബോധമുണരാൻ വരിക നിങ്ങൾ.
നമ്മൾക്കൊരുമിച്ചറിവിൻെറയീവഴി
ത്താരയിലൂടെ മുന്നോട്ടു നീങ്ങാം ...
വേർപ്പൊഴുക്കി ചോരവററി നാൾക്കുനാൾ
വേല ചെയ്യു കൂട്ടരെ
സമയമായ് ...... സമയമായ് ......
അക്ഷരം പഠിക്കുവാൻ സമയമായ് ...
അക്ഷരം പഠിക്കുവാൻ സമയമായ്,

— Still —

ശാപം

''അമ്മേ ഭവതി കേൾക്കണമിന്നേടമെൻ
നിർമ്മല വാണികളുണ്മ ഞാൻ ചൊല്ലുവേൻ''

A : പട്ടിയുണ്ടോ... ?

B : ഇല്ല. ആരാ... ?

A : ഞാനാ. ഇവിടെ അടുത്തുള്ള സ്കൂളിലെ സാറാ.

B : ഇരുന്നാട്ടെ; പിന്നെന്താ ഇങ്ങോട്ട്... ?

A : പിന്നേയ് വോട്ടുണ്ടല്ലോ. അതിന് ആളുകളുടെ കണക്കെടുക്കാൻ വന്നതാ ഇതു് പറഞ്ഞൊട്ടെ വീടുതന്നെയല്ലേ ? ചേട്ടൻ തങ്കപ്പൻപിള്ള.

B : അതെ.

A : അച്ഛൻെറ പേര്... ?

B : കേശവപിള്ള.

A : വയസ്സ്... ?

B : 63

A : ഭാര്യ

B : കൊച്ചുപാർവ്വതി 57 വയസ്സ്

A : കുട്ടികൾ

B : മൂന്ന്. മൂത്തതു് ശാരദ; കല്യാണം കഴിച്ചു കൊട്ടാരക്കരയാ. രണ്ടാമൻ സുകുമാരൻ; അവനിപ്പം ഇവിടെയുണ്ട്. പഠിത്തം കഴിഞ്ഞു നിൽക്കുകയാ. ജോലിയൊന്നും ആയില്ല. മററവൻ ഗോപാലകൃഷ്ണൻ. അവനു് 18 വയസ്സ്. ഈ കുംഭത്തിലാ അവൻെറ പെർന്നാള്.

A : ഇതൊന്നു് ഒപ്പിട്ടാട്ടെ.

B : ഒപ്പോ... ?

A : കുഴപ്പമൊന്നുമില്ല. പിള്ളച്ചേട്ടൻ ഇതൊന്നു് വായിച്ചു നോക്കിയാട്ടെ.

B : എനിക്ക് എഴുതാനും വായിക്കാനും അറിയില്ല. എടാ ശങ്കൂ, നീ ഇതൊന്നു് വായിച്ചു നോക്കിയാട്ടെ.

A : അങ്ങിനെയല്ല, തിരിച്ച്.

C : ഏതായാലും ആൺകുട്ടികള് വന്നു നോക്കിയിട്ടു മതി പിള്ളേച്ചാ ഒപ്പിടല്.

A : അപ്പോ ശങ്കുച്ചേട്ടനും എഴുത്തും, വായനയും അറിയില്ലെ. പിന്നെ ഈ ഭാഗവതം വായിക്കുന്നതു്.

C : അതു് എനിക്കു് വായിക്കാനറിയില്ല. അച്ഛനും, അമ്മാവനും വായിക്കുന്നതു് കേട്ടു പഠിച്ചതാ.

A : പിള്ളേച്ചാ, ഇതൊന്നു് ഒപ്പിട്ടു തരണം; എനിക്കു് ഇനിയും നാലഞ്ചു വീടുകരം കൂടിയുണ്ടു്.

B : പിള്ളേരോടു് ചോദിക്കാതെ ഞാൻ ഒപ്പിടില്ല.

A : എൻെറ ചേട്ടാ, ഇതിനു് ഒരു കുഴപ്പവുമില്ല.

B : ഞാനൊപ്പിട്ടു തരില്ല.

നരേഷൻ : ഇന്ത്യയിൽ ഇന്നു് അൻപതു് കോടിയോളം നിരക്ഷരരുണ്ടു്. അതായതു് നൂറിൽ അറുപത്തഞ്ചു് പേക്കും എഴുത്തും വായനയും അറിയാത്തവരാണു് എന്നർത്ഥം.

സീകൻസ് മാറുന്നു.

X : സാറേ, ഒരു ഇൻലൻറ്.

Y : ഒരു ഇൻലൻറ്.

X : സാറേ, ഇതിലൊന്നു മേൽവിലാസമെഴുതി തരണം.

Y : എനിക്കു സമയമില്ല, താൻ മലയാളത്തിൽ എഴുതിയാൽ മതി.

X : സാറേ ഇതൊന്നു്,...

Z : പേനയില്ല.

X : സാറെ

W : അഡ്രസ്സെഴുതാനാണോ. ഇങ്ങുതന്നാട്ടെ. അയ്യോ, ബസ്സു വരുന്നു.

നരേഷൻ : കണ്ടില്ലേ, ഈ നിസ്സഹായത. പഠിച്ചവർക്കു് പഠിക്കാത്തവരോടുള്ള മനോഭാവം ഇങ്ങനെയാണോ വേണ്ടതു്. അക്ഷരമറിയാത്തവനെ പഠിപ്പിക്കാനുള്ള ചുമതല മററാർക്കാണു്.

സീകൻസ് മാറുന്നു

S : അസ്സലാമു അലൈക്കും.

T : ഞാ ഇരിക്കിൻ, നിങ്ങള വാക്ക കൊട്ടത്തോ ?

S : അതു് ഞമ്മള് ശരിയാക്കിയിരിക്കണു്. പിന്നെ, മോ ൻെറ ബർത്തമാനം എന്തൊക്കെയുണ്ടു്.

T : ഓൻ ദുബായിക്ക മടങ്ങുംമുമ്പ് അതങ്ങു നടത്തണം.

S : കോയാജി സമ്മതിച്ചിരിക്കണു്. ഇനിയിപ്പോ ഓൻ പോയി കുട്ടിയെ ഒന്നു കാണണം,

T : ഓൻ വന്നല്ലോ സുബൈറെ ഞാനതങ്ങു് ഒറപ്പിച്ചിരിക്കണു്. ജ് അവിടെ പോയി ഓളെ ഒന്നു കണ്ടോള.

U : എന്താ മൊല്ലാക്കാ സ്ഥിതി.

S : ഞമ്മടെ കോയാജീടെ നാലാമത്തെ മോളാ. നല്ല ബർക്കത്തുള്ള പെണ്ണാ - ഓള് പയേ താവാട്ടുകാരല്ലേ?

U : എന്താ പേര് ?

T : സുലൈഖ.

S : ഇതുവരെ ഓള് വീട്ടിൽനിന്നു് പുറത്തെറങ്ങിയിട്ടില്ല. നല്ല അടക്കവും ഒതുക്കവും ഉള്ള കുട്ടിയാ.

U : അപ്പോ ഓള് സ്കൂളിൽ പോയിട്ടില്ലേ

T : അതിനെന്താ മോനെ ? ഓല് വല്യ തറവാട്ടുകാരല്ലെ ? പൊന്നും പണോം ഇഷ്ടംപോലെ.

U : ബാപ്പാ, ഞാൻ അയക്കണകത്തു് വായിക്കുന്നതാരാ ... ?

T : നമ്മടെ സൈനബ.

U : ൻെറ പെണ്ണിനു് ഞാൻ എഴുതുന്ന കത്തു് ൻെറ പെങ്ങള് സൈനബ വായിച്ചാ നന്നോ.

T : നീ ഒരു മാതിരി ബെടക്കു് ബർത്തമാനം പറയരുതു്. ഞമ്മള നിക്കാഹിനു തീയ്യതി ഒറപ്പിച്ചിരിക്കണു്.

U : എന്തു പറഞ്ഞാലും വേണ്ടില്ല. എനിക്കാ, നിക്കാഹ് വേണ്ട

T : മോനെ സുബൈറേ.

നരേഷൻ : ഇന്ത്യയിൽ എഴുത്തും വായനയും അറിയാത്തവരിൽ പുരുഷൻമാരേക്കാരം കൂടുതൽ സ്ത്രീകളാണു്. സ്ത്രീകരം വിദ്യാ സമ്പന്നരായാൽ കുടുംബത്തിൻെറ മാത്രമല്ല നാടിൻെറ ചിത്രംതന്നെ മറെറാന്നാകും.

– സീക്വൻസ് മാറുന്നു –

എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതായജ്ഞം –
അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

വില – ഒരു രൂപ.